2414
11/07/12

©
Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N) /12/12-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram,<br>Wednesday<br>തിരുവനന്തപുരം,<br>ബുധൻ | 27th June 2012<br>2012 ജൂൺ 27<br>6th Ashadha 1934<br>1934 ആഷാഢം 6 | No.<br>നമ്പർ 1369 |


## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 24217/ലെഗ്.ജി.2/2011/നിയമം *തിരുവനന്തപുരം, 2012 ജൂൺ 27. 1934 ആഷാഢം 6.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2012 ജൂൺ 26-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

33/2744/2012/DTP.

## 2012-ലെ 9-ാം ആക്റ്റ്

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ്

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഡിസംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (viii)-ാം ഇനത്തിൽ "ഒരാൾ അദ്ധ്യാപകനുമായിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഒരാൾ 19-ാം വകുപ്പിൽ 'തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (v)-ാം ഇനപ്രകാരം സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു സർവ്വകലാശാലാ പ്രൊഫസറും ആയിരിക്കേണ്ടതാണ്" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്;

(ബി) (xiv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiv) സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി.";

(ii) (2)-ാം ഉപവകുപ്പിൽ,—

(എ) "അർഹരായിരിക്കുന്നതല്ലാത്തതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം "അർഹരായിരിക്കുന്നതും ആകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) രണ്ടാം ക്ലിപ്ത നിബന്ധനയ്ക്കുപകരം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.".

3. <u>19-ാം വകുപ്പിന്റെ ഭേദഗതി.</u>— പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ,—

(i) 'എക്സ്-ഒഫിഷ്യോ അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ ഇനം (v)-ൽ "കൊച്ചി മേയർ" എന്ന വാക്കുകൾക്കുപകരം "കൊച്ചി മേയറും കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ,—

(എ) (iv)-ാം ഇനത്തിനുപകരം ഇനി പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് വിദഗ്ദ്ധർ, അവരിൽ ഒരാൾ പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽ നിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്.";

(ബി) (iv)-ാം ഇനത്തിനുശേഷം ഇനി പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.";

(സി) (v)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4. <u>പ്രത്യേകവ്യവസ്ഥ.</u>— പ്രധാന ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (viii)-ഉം (xiv)-ഉം ഇനങ്ങൾ പ്രകാരവും 19-ാം വകുപ്പിലെ 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ (iv)-ഉം (v)-ഉം ഇനങ്ങൾ പ്രകാരവും ഔദ്യോഗിക സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള നിലവിലുള്ള അംഗങ്ങൾ ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അവസാനിക്കുന്നതാണ്.

5. <u>റദ്ദാക്കലും ഒഴിവാക്കലും.</u>— (1) 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2012-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 24217/Leg. G 2/2011/Law. *Dated, Thiruvananthapuram,* *27th June, 2012* / *6th Ashadha, 1934.*

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Cochin University of Science and Technology (Amendment) Act, 2012 (9 of 2012).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 9 OF 2012

## THE COCHIN UNIVERSITY OF SCIENCE AND TECHNOLOGY (AMENDMENT) ACT, 2012

*An Act further to amend the Cochin University of Science and Technology Act, 1986.*

*Preamble.*—WHEREAS, it is expedient further to amend the Cochin University of Science and Technology Act, 1986 for the purposes hereinafter appearing;

BE it enacted in the Sixty-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Cochin University of Science and Technology (Amendment) Act, 2012.

(2) It shall be demed to have come into force on the 1st day of December, 2011.

2. *Amendment of section 17.*—In section 17 of the Cochin University of Science and Technology Act, 1986 (31 of 1986) (hereinafter referred to as the principal Act),—

(i) in sub-section (1),—

(a) in item (viii), for the words "one shall be a teacher" the words, numbers and bracket "one shall be a University Professor elected to the Senate as per item (v) under the heading 'Elected Members' in section 19" shall be substituted;

(b) for item (xiv), the following item shall be substituted, namely:—

"(xiv) A student nominated by the Government from among the student representatives of the Senate.";

(ii) in sub-section (2),—

(a) for the words "shall not be eligible", the words "shall be eligible" shall be substituted;

(b) for the second proviso, the following proviso shall be substituted, namely:—

33/2744/12

"Provided further that the members nominated by the Government under sub-section (1) of section 17 shall hold their office during the pleasure of the Government.".

3. *Amendment of section* 19.— In section 19 of the principal Act,—

(i) under the heading "Ex-Officio Members", in item (v), for the words "the Mayor of Cochin", the words "the Mayor of Cochin and the Chairperson of Kalamassery Municipality" shall be substituted;

(ii) under the heading "Other Members",—

(a) for item (iv), the following item shall be substituted, namely:—

"(iv) Six experts nominated by the Government from the field of Higher Education of whom one shall be from Scheduled Castes/Scheduled Tribes and one shall be a woman.";

(b) after item (iv), the following proviso shall be inserted, namely:—

"Provided that the members nominated by Government shall hold their office during the pleasure of Government.";

(c) item (v) shall be omitted.

4. *Special provision.*—Notwithstanding anything contained in the principal Act, on the date of commencement of this Act, the existing members in office nominated under items (viii) and (xiv) of sub-section (1) of section 17 and under items (iv) and (v) under the heading 'Other Members' in section 19 of the principal Act, shall cease to hold their office by virtue of the provisions of this Act.

5. *Repeal and saving.*—(1) The Cochin University of Science and Technology (Amendment) Ordinance, 2012 (24 of 2012) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.